LIBRARY ARCHIVES Kerala Legislative Assembly

## (8) ഗതാഗത നിയമങ്ങളുടെ അവബോധം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട് കാൽനട യാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങളും റോഡ് ക്രോസ് ചെയ്യാൻ വയസ്സായവർ, രോഗികൾ, സ്ത്രീകൾ എന്നിവർ അനുഭവിക്കുന്ന വിഷമങ്ങളും വലിയ റോഡുകളിൽ, കൂടുതലും ചെറിയ റോഡുകളിൽ വർദ്ധിച്ചുവരികയാണ്. അതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം വാഹനങ്ങൾക്ക് കൊടുക്കുന്ന ഡ്രൈവിംഗ് ലൈസൻസാണ്. സീബ്രാ ലൈനുകൾക്കും സിഗ്നൽ ലൈറ്റുകൾക്കും മറ്റും വിധേയപ്പെട്ടാണ് വാഹനം ഓടിക്കേണ്ടതെന്ന് പലരും ശ്രദ്ധിക്കാറില്ല. അതുകൊണ്ട് ഞങ്ങളുടെ മണ്ഡലങ്ങളിലെ പ്രധാന റോഡുകളിൽ ഓരോ ആഴ്ചയും മൂന്നും നാലും അപകടങ്ങൾ സംഭവിക്കുകയാണ്. ലൈസൻസ് കൊടുത്തു കഴിഞ്ഞാൽ അവരുമായി ഗതാഗത വകുപ്പിന് ബന്ധമൊന്നുമില്ല. മദ്യപിച്ച് വാഹനം ഓടിക്കുന്നതു മാത്രമല്ല ഗതാഗത നിയമങ്ങളൊന്നും ആരും പരിഗണിക്കുന്നില്ല. റോഡുകളിൽ പി.ഡബ്ല്യൂ.ഡി. ഓടകളും നടപ്പാതയും ഉണ്ടാക്കുമ്പോൾ കാൽനട യാത്രക്കാരെ പരിഗണിക്കുന്നില്ല. ശബരിമല സീസണിലുണ്ടാകുന്ന ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി എന്റെ മണ്ഡലത്തിലെ ചില സ്ഥലങ്ങളിൽ ഒരു ക്രമീകരണമുണ്ടാക്കി. ക്യൂ ആകുമ്പോൾ ഒരു വണ്ടി ക്യൂ തെറ്റിച്ച് കയറിയാൽ മൊത്തം ബ്ലോക്ക് ആവുകയാണ്. അതിന് ഞാൻതന്നെ ഒന്നുരണ്ട് യോഗം വിളിച്ച് ശബരിമല സീസൺ സമയത്തുമാത്രം അവിടെ പോലീസിനെ നിർത്തി ഒരു ക്യൂ സംവിധാനമുണ്ടാക്കി. ക്യൂ സിസ്റ്റം പാലിച്ചാൽ ബ്ലോക്ക് ഉണ്ടാവുകയില്ല. ആളുകൾക്ക് കടന്നുപോകാനുള്ള സൗകര്യം പോലീസുകാർ നിൽക്കുന്നിടത്ത് ചെയ്താൽ മാത്രമേ അവർക്ക് കടന്നുപോകാൻ സാധിക്കുകയുള്ളൂ. ഒരു നിയമത്തിന്റെ ഗതാഗത സംവിധാനത്തെ പരിഗണിച്ച് പോകുന്നവർ അല്ലെങ്കിൽ പാലിച്ച് പോകുന്നവർ വളരെ കുറവും പാലിക്കാതെ പോകുന്നവർ വളരെ കൂടുതലും ആകുമ്പോൾ അപകടം മാത്രമല്ല രോഗികൾ, സ്ത്രീകൾ, വൃദ്ധർ എന്നിവർക്കൊന്നും റോഡ് ക്രോസ് ചെയ്യാൻ കഴിയാതെ അപകടത്തിൽപ്പെടുന്ന സാഹചര്യവുമുണ്ടാകുന്നു. അതുകൊണ്ട് ഡ്രൈവിംഗ് ലൈസൻസ് കൊടുക്കുമ്പോൾത്തന്നെ ഇത്തരം അവബോധങ്ങൾ കൊടുക്കാനും അത് അവർ നടപ്പാക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കാനും ഒരു സിസ്റ്റം കൊണ്ടുവരണമെന്നാണ് എന്റെ നിർദ്ദേശം. ആ സിസ്റ്റം കൊണ്ടുവന്നു കഴിഞ്ഞാൽ ഏതെങ്കിലും അപകടം ഉണ്ടാകുമ്പോൾ മാത്രം ലൈസൻസ് റദ്ദു ചെയ്യാതെ അപകടം ഉണ്ടാക്കുന്ന തരത്തിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി എടുക്കുന്നത് കൂടുതൽ വ്യാപകമാകും. നഗരങ്ങളിൽ പോലീസും മറ്റ് സംവിധാനങ്ങളുമുണ്ട്. പക്ഷേ, ഗ്രാമങ്ങളിലെ മണ്ഡലങ്ങളിലാണ്

ഹൈവേയും എൻ.എച്ച്.-ഉം കടന്നുപോകുന്നത്. അവിടെയും ഗതാഗത വകുപ്പും, പൊതുമരാമത്ത് വകുപ്പും, പോലീസും, പ്രാദേശിക സ്ഥാപനങ്ങളും ചേർന്ന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഡ്രൈവിംഗ് എന്നുപറയുന്നത് ഒരു സംസ്കാരമാണെന്നും കാൽനടയാത്രക്കാരെയാണ് ഏറ്റവും ബഹുമാനിക്കേണ്ട തെന്നുമുള്ള ഉത്തരവാദിത്വം നിർവ്വഹിക്കാൻ പറ്റിയ തരത്തിൽ ഒരു സംവിധാനം ഉണ്ടാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, റോഡ് എന്റെ തറവാടാണ് എന്ന മട്ടിലാണ് വാഹനം ഓടിക്കുന്നവരും പൊതുജനങ്ങളും ഉപയോഗിക്കുന്നത്. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനും നിയമം അനുസരിക്കുന്നതിനും ബന്ധപ്പെട്ടവർ കാണിക്കുന്ന അലംഭാവത്തിന്റെ ഫലമായിട്ടാണ് ഇവിടെ സൂചിപ്പിച്ചതുപോലുള്ള കാര്യങ്ങൾ സംസ്ഥാനത്ത് പെരുകി വരുന്നത്. ഇതിനുവേണ്ടത് ഡ്രൈവിംഗ് പരിശീലനം ശാസ്ത്രീയമായ രൂപത്തിൽതന്നെ ആരംഭിക്കുക എന്നുള്ളതാണ്. പ്രാഥമിക ഘട്ടത്തിൽതന്നെ ഇവിടെ നല്ലൊരു ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്. എടപ്പാളിൽ ഇതിനുവേണ്ടി ഒരു ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവിടെ വരുന്ന ഡ്രൈവർമാർക്കുള്ള പരിശീലനത്തിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന ചെലവിനായി പ്രസ്തുത സ്ഥാപനത്തിന് സംസ്ഥാന സർക്കാർ റോഡ് സേഫ്റ്റി അതോറിറ്റിയിൽനിന്നും പണം അനുവദിച്ച് നൽകുന്നുണ്ട്. മെച്ചപ്പെട്ട ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കാൻ വേണ്ടിയാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നത്. പോലീസ് വകുപ്പിൽ സമാനമായി 'ശുഭയാത്ര' എന്നൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിനുള്ള സാമ്പത്തിക സഹായവും കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകിവരുന്നുണ്ട്. വാഹന യാത്രക്കാർക്ക് മാത്രമല്ല, കാൽനട യാത്രക്കാർക്കും റോഡിൽ മതിയായ പരിഗണന ലഭിക്കണമെന്നാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാട്. അതിന്റെ ഭാഗമായി ഫ്ലൈ ഓവറുകളും സ്കൈ വാക്കുകളും ഫുട്ട്പാത്തുകളും നിർമ്മിക്കുക എന്നുള്ളതാണ് പരിഹാര മാർഗ്ഗമായി ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കോട്ടയത്ത് ശീമാട്ടി ജംഗ്ഷനിലും തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയിലും ഫൂട്ട് ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇങ്ങനെയുള്ള നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും മെച്ചപ്പെട്ട ഒരു ട്രാഫിക് സംസ്കാരവും അതിനാവശ്യമായ ക്രോഡീകരിച്ച രൂപത്തിലുള്ള പ്രവർത്തന സംവിധാനവും സജ്ജമാക്കേണ്ടതുണ്ട് എന്നുള്ള അങ്ങയുടെ നിർദ്ദേശം ശരിയാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly